**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അംഗൻവാടി അദ്ധ്യാപകർക്കും സഹായിക്കും നൽകേണ്ട അധിക വേതനം നൽകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് സാംഖ്യ സോഫ്റ്റ് വെയറിൽ ക്രമീകരണം നടത്തുന്നതിന് - അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**81/2019/തസ്വഭവ.** തീയതി, തിരുവനന്തപുരം, **17/01/2019.**

പരാമർശം :-

1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018 ലെ 2.1 -ാം നമ്പർ യോഗ തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12.04.2018 ലെ 199/ഇപിഎ 3/2017/തസ്വഭവ നം കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.10.2018 ലെ 3.3 നമ്പർ യോഗതീരുമാനം.

**ഉത്തരവ്**

അംഗനവാടി അദ്ധ്യാപകർക്കും സഹായിക്കും നൽകേണ്ട അധിക വേതനം നൽകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ തുക സാമൂഹ്യ നീതി വകുപ്പിന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് പരാമർശം 1 പ്രകാരം തീരുമാനമെടുക്കുകയും ഇതിനാവശ്യമായ ക്രമീകരണം നടത്തുന്നതിന് പരാമർശം (2) കത്ത് പ്രകാരം വകുപ്പുതലവന്മാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാത്തതിനാൽ മറ്റു ബില്ലുകൾ മാറുന്നതിന് തടസ്സം നേരിടുന്നു എന്നും ആകയാൽ ഇതുസംബന്ധിച്ച കാലതാമസമൊഴിവാക്കാൻ പരാമർശം 2 നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് സാംഖ്യ സോഫ്റ്റ് വെയറിൽ ക്രമീകരണം നടത്തുന്നതിന് പരാമർശം 3 പ്രകാരം തീരുമാനം കൈക്കൊള്ളുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് സാംഖ്യ സോഫ്റ്റ് വെയറിൽ ക്രമീകരണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതു സംബന്ധിച്ച തുടർ നടപടികൾ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ കൈക്കൊള്ളേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റു പ്രോജക്ടുകൾ ഭേദഗതി ചെയ്തോ, സേവിംഗ്സ് ഉപയോഗിച്ചോ ഈ തുക കണ്ടെത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
ധനകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ